**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 862 28.04.2017 -ൽ മറുപടിക്ക്**

## കാര്യാട്ട് കടവ് പാലത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വില ഭൂവുടമകൾക്ക് നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെടുന്ന കാര്യാട്ട്കടവ് പാലത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വില ഭൂവുടമകൾക്ക് നാളിതുവരെയായും ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഭൂമി വില വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്; | (ബി) 06.06.2013 ലെ സ.ഉ (സാധാ) നം. 3229/2013/റവ നം. പ്രകാരം മുന്നിയൂർ അരിയല്ലൂർ എന്നീ വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് ഹൈലെവൽ കമ്മിറ്റിയുടെ (SLMC) അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. എന്നാൽ 01.03.2014 മുതൽ മുന്നിയൂർ വില്ലേജിൽ റീസർവ്വേ നിലവിൽ വന്നതിനാൽ സർവ്വേ നമ്പരുകൾക്ക് മാറ്റം വന്നിട്ടുള്ളതാണ്. പ്രസ്തുത വില്ലേജുകളിൽ റിക്വിസിഷനുകളിൽ ഉൾപ്പെട്ട ചില സർവ്വേ നമ്പരുകൾക്ക് വെറ്റ് ലാന്റ് പെർമിഷൻ ആവശ്യമാണ്. എന്നാൽ 01.01.2014 മുതൽ LARR Act 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ഭൂമി മുൻകൂർ ഏറ്റെടുക്കുന്നതിന് വ്യവസ്ഥ യില്ലാത്തതിനാൽ പുതിയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തിയ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) പ്രസ്തുത തുക എത്രയുംപെട്ടെന്ന് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുക ലഭ്യമാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

**സെക്ഷൻ ഓഫീസർ**